ആർപ്പോ ഇർറോ... ഒരുമയുടെ ഊർജമാണ് ആർപ്പുവിളിക്ക്. മലവെള്ളം തലമീതേ മൂടിയ പ്രളയത്തിൽ നിന്നു മലയാളി കരകയറിയത് ഒരുമയുടെ ആർപ്പുവിളികൊണ്ടു മാത്രം. എല്ലാവരും ഒരുമിച്ചു നീന്തിയപ്പോഴും ഒറ്റപ്പെട്ടുപോയ ചില കലാമനസുകളുണ്ട്. കലോത്സവ സ്വപ്നവുമായി തളരാതെ നീന്തി അവർ ജലോത്സവ നാടായ ആലപ്പുഴയിലെ വേദിയിൽ കരപറ്റുന്നു...

കേരള സ്കൂൾ കലോത്സവം ഡിസംബർ 7,8,9-2018

ആർപ്പോ ഇർറോ...

കുമരകം എസ്കെഎം എച്ച്എസ്എസിലെ ഇംഗ്ലീഷ് സ്കിറ്റ് സംഘാംഗങ്ങളായ വിദ്യാർഥികൾ. ചിത്രം: ജിബിൻ ചെമ്പോല ● മനോരമ

എൻ.വി.അജ്മലും പിതാവ് എൻ.വി.റഹീമും കോഴിക്കോട് കോതി കടപ്പുറത്ത്.

താളത്തിരയടിക്കുമെൻ തബല

എന്റെ പേര് എൻ.വി. മുഹമ്മദ് അജ്മൽ.

പ്രളയകാലത്തെ രക്ഷകനായിരുന്നു എന്റെ വാപ്പ എൻ.വി. റഹിം. കുട്ടിക്കാലത്തു തബല പഠിക്കാൻ വലിയ മോഹമായിരുന്നു വാപ്പയ്ക്ക്. പക്ഷേ, വീട്ടിലെ കഷ്ടപ്പാടുകളെ അതിജീവിക്കാൻ വലയും പങ്കായവുമെടുത്തു കടലിലേക്കിറങ്ങേണ്ടിവന്നു. ഇപ്പോൾ എന്നിലാണു വാപ്പയുടെ പ്രതീക്ഷ. ഹൈസ്കൂൾ വിഭാഗം തബലയിലാണ് ഞാൻ പരപ്പിൽ എംഎം വിഎച്ച്എസ്എസിനായി മൽസരിക്കുന്നത്. എന്നോടൊപ്പം വാപ്പയും വരുന്നുണ്ട് കൊട്ടു കാണാൻ.

അറബിക്കടലും കല്ലായിപ്പുഴയും ഒന്നാകുന്ന നൈനാംവളപ്പ് കോതി ബീച്ചിലാണു ഞങ്ങളുടെ വീട്. പ്രളയകാലത്ത് ഇരുവഞ്ഞിപ്പുഴയും ചാലിയാറും കര കവിഞ്ഞപ്പോൾ വെള്ളത്തിനടിയിലായ പ്രദേശങ്ങളിൽ കുഞ്ഞു തോണിയുമായി വാപ്പ രക്ഷാപ്രവർത്തനത്തിന് പോയിരുന്നു. ഓഖി മുതൽ ഗജ വരെ പല പ്രകൃതിക്ഷോഭങ്ങൾ വന്നുപോയി. മാസങ്ങളോളം ആരും കടലിൽ പോയില്ല. വീടു പട്ടിണിയിലായപ്പോഴും കല കൈവിടാൻ ഞങ്ങൾ തയാറായില്ല. കലോത്സവത്തിനു വരുന്നതു പുതിയ തബലയുമായാണ്. സ്കൂൾ അധികൃതരാണു ഇതു തന്നത്.

നാടാകെ മുങ്ങി, മുങ്ങാതെ നാടകം

ഞങ്ങൾ അതുല്യ ബൈജു, ടി.പി. ഗംഗ, ടി.പി. യമുന, പി.ബി. ലക്ഷ്മി,എസ്. ഹരിചന്ദന, ആൽബിൻ ജോബ്, ഐവിൻ ബാബു, അരുണിമ സുരേഷ്

പ്രളയം പെയ്തിറങ്ങിപ്പോയ വീടുകളിൽനിന്നു ഞങ്ങൾ വരുന്നതു സന്തോഷപ്പുഞ്ചിരികളുമായാണ്. പ്രളയകാലത്തു കണ്ട നന്മകൾ വേദിയിൽ പുനരവതരിപ്പിക്കുകയാണു ലക്ഷ്യം. കുമരകം എസ്കെഎം ഹൈസ്കൂളിലെ ഇംഗ്ലീഷ് സ്കിറ്റ് സംഘാംഗങ്ങളായ ഞങ്ങൾ എല്ലാവരും പ്രളയകാലത്തു രണ്ടാഴ്ച ദുരിതാശ്വാസ ക്യാംപുകളിൽ കഴിഞ്ഞവരാണ്. ഞങ്ങളിൽ പലരുടെയും വീടുകളിൽ ആൾപ്പൊക്കത്തിലേറെയായിരുന്നു വെള്ളം.

അതിനെ അതിജീവിച്ചു ജീവിതം വീണ്ടും കൈപ്പിടിയിലൊതുക്കുമ്പോൾ കിട്ടിയ ബോണസാണു ഞങ്ങൾക്കു സംസ്ഥാന കലോത്സവം. ആദ്യമായാണു ഞങ്ങളുടെ ഹൈസ്കൂളിൽനിന്നു സ്കിറ്റ് മത്സരത്തിൽ പങ്കെടുക്കുന്നത്.

പ്രളയം കടന്ന്

യുവജലോത്സവം

ഞാൻ വരും, അയൽസ്നേഹക്കുട ചൂടി

അജിനാസ് സിറാജുദ്ദീൻ

എന്റെ പേര് അജിനാസ് സിറാജുദീൻ. ഇടുക്കി അമരാവതി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയാണ്. ആലപ്പുഴയിലേക്ക് ഞാൻ വരുന്നത് എന്റെ സ്വന്തം വീട്ടിൽനിന്നല്ല, തൊട്ടടുത്ത വീട്ടിൽനിന്നാണ്. രണ്ടാം മൈലിൽ പഞ്ചായത്ത് അനുവദിച്ച 3 സെന്റ് സ്ഥലത്തെ ഞങ്ങളുടെ ഷീറ്റ് മേഞ്ഞ വീട് ഓഗസ്റ്റിൽ ശക്തമായ മഴയിൽ അപകട നിലയിലായി. ഞാനും അമ്മ റഷീദയും തൊട്ടടുത്ത വീട്ടിലേക്കു മാറി. ഇതുവരെ വീട്ടിലേക്കു തിരിച്ചുപോകാൻ പറ്റിയിട്ടില്ല. അമ്മ ഏലത്തോട്ടത്തിൽ ജോലിചെയ്തു കിട്ടുന്ന ചെറിയ വരുമാനമാണ് ആകെയുള്ളത്. അതുകൊണ്ടാണ് പഠനവും ഓട്ടൻതുള്ളൽ പരിശീലനവും. അവധി ദിവസങ്ങളിൽ അടുത്തുള്ള റിസോർട്ടുകളിൽ ഞാൻ ഓട്ടൻതുള്ളൽ അവതരിപ്പിച്ചിരുന്നു. പ്രളയത്തെ തുടർന്നു സഞ്ചാരികൾ എത്താതായതോടെ ആ വരുമാനവും നിലച്ചു. കുമളിയിലെ അമൃത നൃത്തകലാഭവന്റെയും അധ്യാപകരുടെയും സഹായത്തിലാണു ആലപ്പുഴയിലേക്കു വരുന്നത്. .

കലക്കൻ STARS

മികവു തെളിയിക്കുന്ന 9 പ്രതിഭകൾക്ക് മനോരമയുടെ പുരസ്കാരം

പ്രതിസന്ധികളെ അതിജീവിച്ച് കലോത്സവ വേദികളിൽ മികച്ച പ്രകടനം നടത്തുന്ന 9 കലാപ്രതിഭകളെ മലയാള മനോരമ ആദരിക്കുന്നു. മനോരമയും ജോൺസ് അംബ്രല്ലാ ഗ്രൂപ്പും ചേർന്നാണ് ഇവർക്ക് പ്രതിഭാ പുരസ്കാരം സമ്മാനിക്കുക. 45,000 രൂപയാണ് ആകെ സമ്മാനത്തുക. ഓരോദിവസവും തിരഞ്ഞെടുക്കുന്ന 3 പ്രതിഭകൾക്ക് 5000 രൂപ വീതം സമ്മാനിക്കും. മന്ത്രി ജി.സുധാകരൻ, ഗാനരചയിതാവ് വയലാർ ശരത്ചന്ദ്രവർമ എന്നിവരാണു സമ്മാനാർഹരെ തിരഞ്ഞെടുക്കുക.

ആർട്ടോ Q

'ഉത്തര'ത്തിലുണ്ട് കുട; ഒത്താൽ സ്കൂട്ടറും!

- 'ആർട്ടോ ഇർറോ' വായിക്കൂ...സമ്മാനം നേടൂ.
- ദിവസവും 10 ഫാമിലി അംബ്രല്ലാ പായ്ക്ക്
- ബംപർ സമ്മാനം ഹോണ്ട ആക്ടിവ സ്കൂട്ടർ

ഇന്നത്തെ 'ആർട്ടോ ഇർറോ' പേജിൽ വരുന്ന വാർത്തകളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ. ശരിയുത്തരമയക്കുന്നവരിലെ ഭാഗ്യശാലികളായ 10 പേർക്ക്

ജോൺസ് ഫാമിലി അംബ്രല്ലാ പായ്ക്ക്. മൂന്നു ദിവസവും ശരിയുത്തരമയയ്ക്കുന്നവരിൽനിന്നു തിരഞ്ഞെടുക്കുന്നയാൾക്കു ബംപർ സമ്മാനം.

ഇന്നത്തെ ചോദ്യം: ബിജിബാലിന്റെ കൊച്ചിയിലെ സ്റ്റുഡിയോയുടെ പേര്?
a. സർഗ b. ബോധി c. ശ്രുതി

വൈകിട്ട് 4 മണി വരെ ഉത്തരങ്ങൾ അയയ്ക്കാം. എസ്എംഎസ് അയയ്ക്കേണ്ട വിധം: VOTE എന്ന് ടൈപ്പ് ചെയ്തു നിങ്ങൾ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന ഉത്തരത്തിനൊപ്പം കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് ഓപ്ഷൻ കൂടി ഉൾപ്പെടുത്തി 56767123 ലേക്ക് എസ്എം എസ് അയയ്ക്കുക.
ഉദാഹരണം:
VOTE സ്പെയ്സ് C
(*നിരക്കുകൾ ബാധകം)

John's
കുടകൾ
ജോൺസ് ഹോണ്ട
2 വീലർ & 4 വീലർ

പ്രളയത്തെ അതിജീവിച്ച വീണയുമായി ആവണി അജയ്.

പ്രളയം തൊടാത്ത

ആവണിപ്പൊൻവീണ

ഞാൻ ആവണി അജയ്.

പ്രളയത്തിൽ എറണാകുളം കടുങ്ങല്ലൂരിലെ എന്റെ വീട്ടിൽ അരപ്പൊക്കത്തിൽ വെള്ളം കയറി. എല്ലാമുപേക്ഷിച്ചു വീട്ടിൽ നിന്നിറങ്ങും മുമ്പ് ഒന്നുമാത്രം ഞാൻ ഉയരത്തിലേക്കു മാറ്റിവച്ചു; എന്റെ പ്രിയപ്പെട്ട വീണ. ഭാഗ്യം, വീണയ്ക്കടുത്ത് എത്തുന്നതിനു മുൻപു പ്രളയജലം ഇറങ്ങി. പ്രളയം തൊടാഞ്ഞ ആ വീണയുമായാണു ഞാനീ കലോത്സവത്തിനെത്തുന്നത്.

ആലുവ നിർമല എച്ച്എസ്എസിൽ പഠിക്കുന്നു. 6 വർഷമായി വീണ അഭ്യസിക്കുന്നു. മൂന്നാം തവണയാണു സംസ്ഥാന മൽസരത്തിനെത്തുന്നത്. കഴിഞ്ഞ തവണ എ ഗ്രേഡ് കിട്ടിയിരുന്നു. ഇത്തവണയും അതു പ്രതീക്ഷിക്കുന്നു.

ചവിട്ടിത്തെറിപ്പിച്ചും ചാടിക്കടന്നും

തട്ടിനെ ഞെട്ടിച്ചുകൊണ്ടു ചാടുന്നൊരു ചുവടുണ്ടു ഞങ്ങളുടെ ചവിട്ടുനാടകത്തിൽ. പ്രളയം മറികടക്കാൻ ഞങ്ങളുടെ നാടക ടീമുകൾക്ക് ആ ചാട്ടം പോരാതെ വന്നു. പ്രളയം മുക്കിയ എറണാകുളം ഗോതുരുത്തു ദ്വീപിൽനിന്നാണു ഞങ്ങളുടെ വരവ്. കലോത്സവത്തിനായി കാത്തുവച്ച വസ്ത്രങ്ങളും സാമഗ്രികളും പ്രളയം കവർന്നെടുക്കുന്നതു കണ്ടു നിൽക്കാനേ ഞങ്ങൾക്കു കഴിഞ്ഞുള്ളൂ. ഞങ്ങളിൽ പലരുടെയും വീടുകൾ പ്രളയമെടുത്തു. ചവിട്ടുനാടകം ഞങ്ങളുടെയെല്ലാം രക്തത്തിൽ അലിഞ്ഞുചേർന്നതാണ്. അതിന്റെ കരുത്താണ് കരകയറാൻ ഞങ്ങൾക്കു തുണയായത്.

കൂടെ, നാടും ഞങ്ങളുടെ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളും പിന്തുണച്ചു. എല്ലാവരുടെയും സഹായം കൊണ്ടു നഷ്ടപ്പെട്ടതെല്ലാം വീണ്ടും ലഭിച്ചു. ദുരിതാശ്വാസ ക്യാംപുകളിൽനിന്നാണു ഞങ്ങളിൽ മിക്കവരും ജില്ലാ കലോത്സവ വേദിയിലെത്തിയത്. ഇപ്പോൾ, ആലപ്പുഴയിലേക്കു വരുമ്പോഴും ഞങ്ങളുടെ ഉള്ളിൽ ഇരച്ചെത്തിയ ജലത്തിന്റെ ഓർമകളുണ്ട്. അതിനെയെല്ലാം മറികടന്നു ഉയരെച്ചാടാനാണ് ഞങ്ങൾ ഹൈസ്കൂൾ, ഹയർസെക്കൻഡറി ടീമുകൾ ഒരുങ്ങിയിരിക്കുന്നത്. ▼

മുങ്ങാതെ മനസ്സ്

ഞാൻ കെ. ആകാശ്. നീരേറ്റുപുറത്തിനടുത്ത്, പമ്പയുടെ തീരത്ത് എനിക്കൊരു കൊച്ചു വീടുണ്ടായിരുന്നു. പമ്പാ തീരത്തെ പ്രളയം വിഴുങ്ങിയപ്പോൾ നിരണം പഞ്ചായത്തിലെ ആ വീട് സർക്കാർ രേഖകളിൽ മാത്രമായി.ഓഗസ്റ്റിലെ ആ ഇരുണ്ട പകലിന്റെ ഓർമകളെ അരങ്ങിനു പുറത്തു നിർത്തിയാണ് ഞാൻ ജില്ലാ കലോൽസവത്തിനു മുഖത്തു ചായം തേച്ചത്. മാന്നാർ നായർ സമാജം സ്കൂൾ അവതരിപ്പിച്ച 'കണ്ണുകൾ' എന്ന നാടകത്തിൽ വിരൂപനായ കുരങ്ങച്ചൻ എന്ന കഥാപാത്രമായിരുന്നു എന്റേത്. ജില്ലയിൽ മികച്ച നടനായി.

ഈ നേട്ടം ഞാൻ സമർപ്പിച്ചതു മരിച്ചുപോയ എന്റെ അച്ഛൻ ശശാങ്കന്റെ ഓർമകൾക്കും ഇല്ലായ്മകളിൽ പതറാതെ എന്നെയും സഹോദരൻ ആദർശിനെയും വളർത്തുന്ന അമ്മ ശശികലയ്ക്കും. വീട് ഇല്ലാതായതോടെ അമ്മയുടെ സഹോദരി പങ്കജാക്ഷിയുടെ മാവേലിക്കര പോനകം അനീഷ് ഭവനിലാണ് ഞങ്ങളിപ്പോൾ. ആര്യ കൃഷ്ണൻ, അഹല്യ മധു, ഇ.ആർ. ശ്രീലക്ഷ്മി, ആർ. അനന്തൻ, ആർ. ഷെഹിൻഷ, അലൻ രാജൻ, എസ്.ബി. അംജിത് എന്നിവരാണു ഞങ്ങളുടെ നാടകത്തിലെ മറ്റു നടീനടന്മാർ.

കൂട്ടരേ, കലയുടെ പട്ടിണിക്കാലം കഴിഞ്ഞു

കലാകാരന്റെ അതിജീവനപാഠങ്ങളെപ്പറ്റി സംഗീതസംവിധായകൻ ബിജിബാൽ ഈ കലോൽസവത്തിൽ പങ്കെടുക്കുന്ന സംഗീതപ്രതിഭകളോട്

എൻ. ജയചന്ദ്രൻ

''അക്കരെ ഇക്കരെ നിന്നാലെങ്ങനെ ആശ തീരും... നിങ്ങടെ ആശ തീരും...' എവിടെനിന്നോ വന്ന് എന്റെ മനസ്സിൽ തൊട്ട ഒരു റേഡിയോ പാട്ട്. 'ശരറാന്തൽ തിരി താണു മുകിലൻ കുടിലിൽ...' മനസ്സ് തുളുമ്പിപ്പോയ ഈണം... ആരാണ് ഈ പാട്ടെല്ലാം എഴുതിയത്, ഈണമിട്ടത്? പാട്ടൊരുക്കുമ്പോൾ എന്തായിരിക്കും ഈണമിട്ടയാളുടെ മാനസികാവസ്ഥ? ഇതൊക്കെയാണു ഞാൻ ആലോചിച്ചിരുന്നത്. പാട്ടു പാടുന്നതു ക്രിയേഷനാണ്. എന്നാൽ ഞാനിഷ്ടപ്പെട്ടത് എന്റേതായ ഈണങ്ങളൊരുക്കാനാണ്. ദേവരാജൻ മാഷ് പറഞ്ഞതുപോലെ ഇത് എന്റെ പാട്ടാണ്. നല്ലതായാലും ചീത്തയായാലും എന്റെ പാട്ട്... ''

കൊച്ചി കാക്കനാട് പാലച്ചുവട്ടിലെ 'ബോധി' സ്റ്റുഡിയോയിലെ നൃത്തമണ്ഡപത്തിലിരുന്നു ബിജിബാൽ താഴ്ന്ന സ്വരത്തിൽ താളത്തിൽ പറഞ്ഞു. ഒപ്പം മലയാള മനോരമയുടെ അതിഥികളായെത്തിയ പത്തു കുട്ടികൾ. സ്കൂൾ കലോത്സവത്തിൽ സംഗീതവിഭാഗത്തിൽ വിവിധ ജില്ലകളിൽനിന്നു വിജയികളായെത്തിയവർ.

''പാട്ടിലൂടെ പരിചയപ്പെടാം. ഒന്നുപാടൂ...''എന്നു ബിജിബാൽ തുടങ്ങി. 'സ്വർഗസാഗരത്തിൽ നീരാടി വരും സ്വപ്നമരാളങ്ങളെ'- പട്ടു പാവടക്കാരിയുടെ ലളിതഗാനത്തിൽ ടെൻഷന്റെ ആരോഹണം.

'നാഭീഹൃത്ത് കണ്ഠ രസേന...' ഒരു പാട്ട് എവിടെനിന്നുൽഭവിച്ച് എങ്ങോട്ടെത്തണം എന്നു ബിജിബാൽ വിശദീകരിച്ചു. ഓരോ പാട്ടും കേൾക്കാൻ മുന്നിലൊരു സഹൃദയനുണ്ട്. ഓരോ ഹമ്മിങ്ങിലും ആത്മാംശവും ഭാവവും നൽകുക. സംഗീതമുണ്ടെങ്കിൽ അതിൽ മെലഡിയുണ്ട്. റാപ്പിൽ പ്രണയഗാനം പാടാൻ കഴിയുമോ ? റാപ്പ് വിപ്ലവവും പ്രതിഷേധവുമാണ്. ലോകത്തോടു പറയാനുള്ള കാര്യങ്ങൾ താളത്തിൽ പറയുകയാണതിൽ. ഗുലാം അലി 'യേ ദിൽ...' എന്നു പാടുമ്പോൾ ഹൃദയം തുടിക്കും. പാടലും പറയലുമാണത്...''-

വിവിധ ജില്ലകളിലെ കലോത്സവങ്ങളിൽ സംഗീത മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികൾ സംഗീത സംവിധായകൻ ബിജിബാലിന്റെ കൊച്ചിയിലെ സ്റ്റുഡിയോയിൽ ഒത്തുകൂടിയപ്പോൾ.

അവസരങ്ങളുണ്ടോ ഞങ്ങൾക്ക് എന്ന് പുതിയ ഗായകരുടെ അന്വേഷണം.

ബിജിബാൽ: കാലം മാറി. കൈനിറയെ അവസരങ്ങളുണ്ട്. യേശുദാസിനെപ്പോലെ പാടുക എന്നായിരുന്നു പണ്ട് ട്രെൻഡ്. തെളിഞ്ഞ ശബ്ദമുള്ളവർക്കേ പാട്ടുപാടാൻ കഴിയൂ എന്ന ധാരണ മാറി. കഴിവുള്ളവർ മുഴുവൻ സിനിമയിൽ പാടണമെന്നില്ല. സിനിമയല്ല കലയുടെ അവസാനവാക്ക്. പാടാൻ കഴിവുണ്ടെങ്കിൽ യൂട്യൂബിൽ ചാനൽ തുടങ്ങാമല്ലോ. സംഗീതത്തിന്റെ പട്ടിണിക്കാലം കഴിഞ്ഞു. അപൂർണതകളാണു മനുഷ്യനെ കലാകാരനാക്കുന്നത്. മോഹൻലാലിന് ഒരു ചരിവില്ലേ? മൊണാലിസയുടെ പെയ്ന്റിങ്ങിൽ ചിരിയോ വിഷാദമോ എന്നു വേർതിരിച്ചറിയാനാകാത്ത കലർപ്പില്ലേ? കലയിൽ എന്നും വിദ്യാർഥിയായിരിക്കുക; കലോത്സവക്കാലം കഴിഞ്ഞാലും...''

പങ്കെടുത്ത വിദ്യാർഥികൾ: ജെറിൽ ഷാജി, എം. ചൈത്ര, സ്വാതി വിജയൻ, മരിയ മാത്യു, മീര എം. നായർ, എസ്.ടി. അസ്ന, യദുകൃഷ്ണൻ, അർജുൻ ബാബു, ആകാശ് പി. ടെൻസൻ, ആദിത്യദേവ്.